(ബി) 15 മുതൽ 45 ദിവസം 26-3-2015 വരെ നെല്ല് ഏറ്റെടുത്ത് കൈപ്പറ്റ് രസീത് തന്നവർക്ക് നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്, നെല്ലിന്റെ സംഭരണവില അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ സപ്ലൈ ഓഫീസ്

230 (1264) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി താലൂക്ക് സപ്ലൈ ഓഫീസുകൾ അനുവദിച്ചിട്ടില്ല. എന്നാൽ, സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് ഉൾപ്പടെയുള്ള 12 താലൂക്കുകളിലും സപ്ലൈ ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

റേഷൻ കാർഡുകളുടെ വിതരണം

231 (1265) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകളുടെ വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായുള്ള ഡാറ്റാ എൻട്രി, വിവരശേഖരണം എന്നീ പ്രവൃത്തികൾ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് ;

(സി) പുതിയ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ഡി) ആയത് എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനായി കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ ഡാറ്റാ എൻട്രി നടത്തുന്ന ഘട്ടത്തിലാണ്.

(ബി) ഡാറ്റാ എൻട്രി സി-ഡിറ്റ്, അക്ഷയ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. വിവരശേഖരണത്തിനായി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല.

(സി) 1-7-2015-ന് വിതരണം ചെയ്യാനാകും എന്നാണ് പ്രഖ്യാപിച്ചിരുന്നത്.

(ഡി) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മാവേലിസ്റ്റോറുകൾ

232 (1266) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച മാവേലിസ്റ്റോറുകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ അനുവദിച്ച മാവേലിസ്റ്റോറുകൾ ഏതെല്ലാമാണ് ; അവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് പുതിയ മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് അനുമതി നൽകിയത് ; അവയിൽ ഏതെല്ലാം മാവേലിസ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചു; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച മാവേലി സ്റ്റോറുകളുടെ ജില്ലതിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly